
# ബഷീർ

## ശബ്ദങ്ങൾ



"നാഗരികതയുടെ പ്രത്യയശാസ്ത്രങ്ങളെയെല്ലാം ശിഥിലമാക്കുന്ന ജീവിതാവസ്ഥകളാണ് ശബ്ദങ്ങളിൽ മുഴങ്ങുന്നത്. നമ്മുടെ സംസ്കാരം ഒരു സ്ഫോടനംകൊണ്ടു തകർക്കുവാൻപോന്ന കരുത്ത് അതിലെ രംഗങ്ങൾക്കുണ്ട്. ആത്മഹത്യയിൽക്കൂടിപ്പോലും രക്ഷനേടുവാൻ കഴിയാതെ ജീവിതം അനുഭവിച്ചുതീർക്കുവാൻ വിധിക്കപ്പെട്ട ഒരനാഥനിൽ നമ്മുടെ മൂല്യവ്യവസ്ഥകളെല്ലാം ചോദ്യംചെയ്യപ്പെടുന്നു. നാം ശബ്ദങ്ങളെ ഭയപ്പെടുന്നത് അത് നമ്മുടെതന്നെ തകരുന്ന ശബ്ദങ്ങളായതുകൊണ്ടാണ്."

-എം.എൻ. വിജയൻ

കവർ ഡിസൈൻ: ധന്യാ ശ്രീജിത്ത്


ഡിസി ബുക്സ്

www.dcbooks.com

നോവൽ

ISBN 81-713-0332-3

00025

9 788171 303328

E-book available

₹ 90


ബഷീർ • ശബ്ദങ്ങൾ

ഡി സി ബുക്സ്

25-ാം പതിപ്പ്

# ബഷീർ

## ശബ്ദങ്ങൾ



DCB

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

1711

College Of Avian Sciences & Management
LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1711 Call No. ..........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

**വൈക്കം മുഹമ്മദ് ബഷീറിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ**

*നോവൽ*
അനുരാഗത്തിന്റെ ദിനങ്ങൾ, ആനവാരിയും പൊൻകുരിശും, ജീവിതനിഴൽപ്പാടുകൾ, താരാസ്പെഷ്യൽസ്, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!, പാത്തുമ്മായുടെ ആട്, പ്രേമലേഖനം, പ്രേംപാറ്റ, ബാല്യകാലസഖി, മതിലുകൾ, മരണത്തിന്റെ നിഴലിൽ, മാന്ത്രികപ്പൂച്ച, മുച്ചീട്ടുകളിക്കാരന്റെ മകൾ, ശബ്ദങ്ങൾ, സ്ഥലത്തെ പ്രധാന ദിവ്യൻ, ബാല്യകാലസഖിയും കുറെ പെണ്ണുങ്ങളും, മുച്ചീട്ടുകളിക്കാരന്റെ മകളും ചില ഗഡാഗഡിയൻ നോവലുകളും, പാത്തുമ്മായുടെ ആടും തിരഞ്ഞെടുത്ത നോവെല്ലകളും

*കഥകൾ*
ആനപ്പൂട, ഒരു ഭഗവദ്ഗീതയും കുറെ മുലകളും, ഓർമ്മക്കുറിപ്പ്, ചിരിക്കുന്ന മരപ്പാവ, ജന്മദിനം, 'നീലവെളിച്ച'വും മറ്റ് പ്രധാന കഥകളും, പാവപ്പെട്ടവരുടെ വേശ്യ, ബഷീറിന്റെ 10 കഥകൾ, ഭൂമിയുടെ അവകാശികൾ, വിഡ്ഢികളുടെ സ്വർഗ്ഗം, വിശപ്പ്, വിശ്വവിഖ്യാതമായ മൂക്ക്, ശിങ്കിടിമുങ്കൻ, സ്വാതന്ത്ര്യസമരകഥകൾ

*നാടകം*
കഥാബീജം

*ലേഖനങ്ങൾ*
അനർഘനിമിഷം, ജീവിതം ഒരനുഗ്രഹം, ധർമ്മരാജ്യം

*ചോദ്യോത്തരം, കത്തുകൾ*
നേരും നുണയും, ബഷീർ എഴുതിയ കത്തുകൾ, ബഷീറിന്റെ കത്തുകൾ

*സ്മരണ*
എം.പി. പോൾ, ഓർമ്മയുടെ അറകൾ

*പ്രഭാഷണം*
ചെവിയോർക്കുക! അന്തിമകാഹളം!!

*തിരക്കഥ*
ഭാർഗ്ഗവീനിലയം

*ബാലസാഹിത്യം*
സർപ്പയജ്ഞം
തേന്മാവ്

*പലവക*
യാ ഇലാഹീ!
ബഷീറിന്റെ കാഴ്ചകൾ
ബഷീർ നിലാവ്

ബഷീർ സമ്പൂർണ്ണകൃതികൾ (രണ്ടു വാല്യങ്ങൾ)

ബഷീറിന്റെ പുസ്തകങ്ങൾ
പരിചയപ്പെടാൻ ക്യു ആർ കോഡ്
സ്കാൻ ചെയ്യൂ.

വൈക്കം മുഹമ്മദ് ബഷീർ

# ശബ്ദങ്ങൾ

ഡി സി ബുക്സ്

Malayalam Language
Sabdangal

Literature/Novel
*by* Vaikom Muhammad Basheer

Rights Reserved

First Published 1947
First DCB edition March 1979
This edition–February 2022

Publishers
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

Distributors
D C Books-Current Books
INDIA

D C Books Library Cataloguing in Publication Data
Muhammad Basheer, Vaikom.
Sabdangal/Vaikom Muhammad Basheer.
80 p., 21cm.
ISBN 81-713-0332-3.
1. Malayalam Novel. I. Title.
894.812 3–dc22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-713-0332-3

Printed in India
at D C Press, Kottayam, INDIA.

D C Books: The First Indian Book Publishing House to get ISO Certification

1294/21-22-Sl.No. 22766-dcb 234-(25) 2000-2128-02-22-hn 60-p rr-d(t) bs

# ഈ പുസ്തകത്തെപ്പറ്റി

കാലചക്രത്തിരിപ്പു നിമിത്തം സമകാലീനരുടെ 'കക്കൂസ്' കവിയിൽനിന്ന് ('മാന്യ'മല്ലാത്ത വിഷയങ്ങളെ സമകാലീന സാഹിത്യസാങ്കേതികനിയമങ്ങളെ ലംഘിച്ച് പ്രതിപാദിക്കുന്ന കവിയിൽനിന്ന്) ഇന്നുള്ളവരുടെ ഒരു അത്ഭുതമനുഷ്യനും, ആധുനിക കവിതാലോകത്തിലെ ഒരു പ്രസ്ഥാനസ്ഥാപകനുമായി ഉയർന്നുവന്നിട്ടുള്ള ഫ്രഞ്ച്മഹാകവി ആർതർ റിംബോവിനെക്കുറിച്ച് മാതൃഭൂമി ആഴ്ചപ്പതിപ്പിലും ഒരു മാതൃഭൂമി ടാഗോർ വിശേഷാൽപ്രതിയിലും ഞാൻ ലേഖനങ്ങൾ കുറെ വർഷങ്ങൾക്കുമുമ്പ് എഴുതിയിരുന്നു. റിംബോവിന്റെ ഒരു ജീവചരിത്രം രചിച്ചിട്ടുള്ള ഈനിഡ് സ്റ്റാർക്കി അദ്ദേഹത്തിന്റെ ട്രാജഡിയുടെ മൂലകാരണക്കാരി തന്റെ മാതാവാണെന്നു സ്ഥാപിച്ചിട്ടുണ്ട്. മനുഷ്യസഹജങ്ങളായ സൗമ്യവികാരങ്ങളെ മതത്തിനുവേണ്ടി ബലികഴിക്കുന്നതു മാന്യതയുടെ ഉത്തമലക്ഷണമാണെന്നു വിശ്വസിച്ചിരുന്ന ഒരു ബൂർഷ്വാ സർക്കിളിൽപ്പെട്ട അതിഭക്തയായ ഒരു കത്തോലിക്കാമാതാവായിരുന്നു ആ സ്ത്രീ. അവരുടെ രൗദ്രമായ ശിക്ഷണം റിംബോവിൽ മതവിദ്വേഷവും, മാന്യതാവിദ്വേഷവും ജനിപ്പിക്കുകയും, ബാല്യത്തിൽതന്നെ വീടുവിട്ടോടിപ്പോകുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുകയും ചെയ്തു. 'ആദ്യത്തെ കമ്മ്യൂണിയൻ' എന്ന കവിതയിൽ മാതാവിന്റെ കൊടിയ മതഭക്തി അവരെ എങ്ങനെ ചീത്തയാക്കിയെന്ന് റിംബോതന്നെ ധ്വനിപ്പിച്ചിട്ടുണ്ട്.

ഇതുപോലെ, നാലുപേർക്കൊപ്പം മാന്യമായി കുടുംബാംഗങ്ങളെ വളർത്തിക്കൊണ്ടുപോകുവാൻ അവരോടു പണമുണ്ടാക്കുന്നതിനു പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള ഉഗ്രമായ

ശിക്ഷണം പൊന്തിച്ചുനിൽക്കുന്ന പെരുമാറ്റം കൂടിയേതീരൂ എന്നു വിശ്വസിച്ചിരുന്ന തന്റെ പിതാവായിരുന്നു ശ്രീ ബഷീറിനെ ബാല്യത്തിൽതന്നെ വീടുവിട്ടോടിപ്പോകുവാനും, മാന്യതയെ വെറുക്കുന്ന വിപ്ലവകാരിയായ ഒരു സാഹിത്യകാരനാക്കുവാനും ഇടയാക്കിയത് (?). എന്നാലും, റിംബോ മാതാവിനെ ഗാഢമായി സ്നേഹിച്ചിരുന്നതുപോലെ, ബഷീറും പിതാവിനെ സ്നേഹിച്ചിരുന്നു. ഇതിലാണ് ഇവരിരുവരുടെയും ട്രാജഡി സ്ഥിതി ചെയ്യുന്നത്. ഈ പിതൃപുത്ര ട്രാജഡിയാണ് ഭാഷാസാഹിത്യത്തിലെ ഉത്തമ ചെറുനോവലുകളിലൊന്നായ 'ബാല്യകാലസഖി'യിൽ ബഷീർ ചിത്രീകരിച്ചിട്ടുള്ളതും. ശീലത്തിന്റെയും മാമൂലിന്റെയും പുത്രിയായ 'മാന്യത'യെന്ന നിരർത്ഥകമായ മുദ്രാവാക്യത്തിന്റെ വിവിധ വശങ്ങളെ, 'ജന്മദിനം' എന്ന കഥാസമാഹാരത്തിലെ 'ജന്മദിനം', 'ഐഷുക്കുട്ടി', 'സെക്കൻഡ് ഹാൻഡ്' ആദിയായ ചില ചെറുകഥകളിലും 'അനർഘനിമിഷം', 'കഥാബീജം', 'പ്രേമലേഖനം' മുതലായ കൃതികളിലും ബഷീർ വെല്ലുവിളിച്ചിട്ടുണ്ട്. ഭാരതീയ സാഹിത്യത്തിലെയും ഭാഷാസാഹിത്യത്തിലെയും പരാജയപ്രസ്ഥാനത്തിൽപ്പെട്ട ഉത്തമ ചെറുകഥകളിലൊന്നായ 'ശബ്ദങ്ങ'ളിൽ ഈ വെല്ലുവിളി പരമകാഷ്ഠ പ്രാപിച്ചിരിക്കുന്നതു കാണാം. മാന്യതയുടെ തോതിനും, മറ്റുള്ള കാര്യങ്ങളെപ്പോലെ യുഗംതോറും മാറ്റമുണ്ടാകുന്നതാണെന്നും നരവംശങ്ങളെ ആസ്പദിച്ചും മാന്യതയുടെ തോതുകൾക്കു തമ്മിൽ വ്യത്യാസമുണ്ടായിരിക്കുമെന്നുള്ള പച്ചപ്പരമാർത്ഥവും ഇവിടെ ചൂണ്ടിക്കാണിച്ചു കൊള്ളട്ടെ.

പന്ത്രണ്ട് അദ്ധ്യായങ്ങളുണ്ടെങ്കിലും, പ്രകൃതകൃതി ഒരു ചെറുനോവലല്ല. പിന്നെയോ, ഒരു ദീർഘ ചെറുകഥ മാത്രമാണ്. ഇന്നത്തെ ലോകം ഒരു ചിത്തരോഗാസ്പത്രിയാണെന്നുള്ള ഏകീകൃതബോധം (യൂണിറ്റി ഓഫ് ഇമ്പ്രഷൻ) 'ശബ്ദങ്ങൾ', ജനിപ്പിക്കുന്നതു നിമിത്തമാണ് ഇത് ഒരു ചെറുകഥയായി ഭവിച്ചിട്ടുള്ളതും. വലിപ്പംകൊണ്ടല്ല ഒരു ചെറുകഥയെയും, ഒരു നോവലിനെയും തമ്മിൽ വേർതിരിക്കേണ്ടത്. ഒരു ചെറുകഥയ്ക്ക് ഇത്ര ദൈർഘ്യമേ ആകാവൂ എന്നൊരു



നിയമവുമില്ല. ദൈർഘ്യം ഏറിയിരുന്നാലും, പ്രസ്തുത ഏകീകൃതബോധം ജനിപ്പിക്കുന്നുവെങ്കിൽ അതൊരു ചെറുകഥയായിരിക്കും. നോവൽ, ചെറുകഥ എന്നീ രണ്ടു രൂപങ്ങളുടെ സാങ്കേതികമാർഗങ്ങൾക്കു തമ്മിൽ വ്യത്യാസവുമുണ്ട്. ഉദാഹരണമായി ബഷീറിന്റെ 'ബാല്യകാലസഖി' ഒരു ചെറുനോവലും 'ശബ്ദങ്ങൾ' ഒരു ചെറുകഥയുമാണ്. ഒന്നാന്തരം ചെറുകഥയെഴുത്തുകാരായ കിപ്ലിങ്, ജേക്കബ്സ്, ടാഗോർ, കാതറൈൻ മാൻസ്ഫീൽഡ് മുതലായ പലരും നോവലെഴുത്തിൽ പരാജയപ്പെട്ടിട്ടുണ്ട്. വിശ്വസാഹിത്യത്തിൽ എച്ച്. ജി. വെൽസ്, ടോൾസ്റ്റോയ്, ഗോഗോൾ, മാപ്പസങ്, സോമർസറ്റ് മാം, മുൽക്ക്‌രാജ് ആനന്ദ് എന്നിവരെപ്പോലെയുള്ള അപൂർവ്വം ചിലരും, ഭാഷാസാഹിത്യത്തിൽ തകഴിയും ബഷീറും മാത്രമേ രണ്ടിലും ഒന്നുപോലെ വിജയിച്ചിട്ടുള്ളു.

ഒരു നാലുംകൂടും വഴിയിൽനിന്ന് ഒരു വൈദികൻ എടുത്തു വളർത്തിയ ഒരു ചോരക്കുഞ്ഞ് വളർന്ന് ഒരു പട്ടാളക്കാരനായി രണ്ടാം ലോകയുദ്ധത്തിൽ പങ്കുകൊള്ളുന്നു. അവിടെനിന്നു പതിവായ സിഫിലിസ് രോഗംപോലും സമ്പാദിക്കാതെ തിരിച്ചുവന്ന അദ്ദേഹത്തിനു തന്റെ ധൈര്യം മുഖേന ഒരു ഉപജീവനമാർഗം ലഭിക്കുന്നു. അനന്തരം മനുഷ്യസഹജമായ ലൈംഗികജീവിതജിജ്ഞാസയും മറ്റൊരാളുടെ വഞ്ചനയും ഹേതുവായി താൻ ചെയ്യുന്നതെന്തെന്നറിയാതെ അദ്ദേഹം സ്വവർഗസംഭോഗം ചെയ്ത് ഗൊണോറിയരോഗം നേടുന്നു. ഈ നേട്ടം വരുത്തിവെച്ച ഫലങ്ങൾ നിമിത്തം അദ്ദേഹം തെരുവും തിണ്ണയുമാശ്രയിച്ചു ജീവിക്കുകയും സമകാലീന ജീവിതത്തിന്റെ പല വശങ്ങൾ കാണുകയും ചെയ്യുന്നു. പ്രസ്തുത രോഗംകൊണ്ടുള്ള കായികപീഡയും, ഇന്നത്തെ ലോകത്തിന് ഒരു ചിത്തരോഗാസ്പത്രിയോടുള്ള സാദൃശ്യത്തിന്റെ ബോധവും വരുത്തിവെച്ച കൊടിയ നൈരാശ്യം തന്നെ ആത്മഹത്യയ്ക്കു പ്രേരിപ്പിച്ചുവെങ്കിലും, ഇതിലും അദ്ദേഹം പരാജയപ്പെടുന്നു. എന്നിട്ട് ചില സന്ദർഭങ്ങളിൽ മനുഷ്യർക്കു സഹജമായി തോന്നാറുള്ള കുമ്പസാര മോഹ

ത്തിനു വഴിപ്പെട്ട് അദ്ദേഹം ഒരു രാത്രി താൻ ബഹുമാനിക്കുന്ന ഒരു സാഹിത്യകാരന്റെ വീട്ടിൽ കേറിച്ചെന്ന് ആ മനുഷ്യനോട് തന്റെ ചരിത്രം, ലോകത്തിന്റെ ഭ്രാന്ത് തന്നിലും പകർന്ന മട്ടിൽ പറഞ്ഞുകേൾപ്പിക്കുന്നു. ഇതാണു കഥയുടെ പോക്ക്. ഇടയ്ക്കിടയ്ക്ക് അസംഗങ്ങളായ പ്രകൃതിലാവണ്യവർണന, വിശ്വത്തിന്റെ പരിണാമാദിപ്രശ്നങ്ങൾ എന്നിവ വലിച്ചുകൊണ്ടു വന്നിട്ടുള്ളത് പ്രസ്തുത ചിത്തഭ്രമ അന്തരീക്ഷം തുടരെ ധ്വനിപ്പിക്കുവാനും, ലാവണ്യപൂർണമായ പ്രകൃതിയെ അനുകരിച്ചു ലാവണ്യമയമായി ജീവിക്കേണ്ട മനുഷ്യൻ ഇന്ന് എത്രയധികം വൈരൂപ്യപൂർവ്വം ജീവിച്ചുവരുന്നു എന്നും വിശ്വപരിണാമാദി പ്രശ്നങ്ങൾക്കു തുല്യം പ്രാധാന്യമേറിയവയാണ് പട്ടിണി ബഹിഷ്കരണം, രോഗനിവാരണം ആദിയായ ഭൗതിക പ്രശ്നങ്ങളെന്നും കാണിക്കുവാനുമാണ്. ഇതിലെ കുമ്പസാര സാങ്കേതികമാർഗം ബഷീറിന്റെ ജന്മസിദ്ധമായ കലാവാസന യ്ക്ക് ഒരു നല്ല ഉദാഹരണമാണ്. ഈ കഥയിലെ സാഹിത്യ കാരനെപ്പോലെ ചിന്താശീലനായ മറ്റൊരാളുടെ വിമർശം കൂടാതെ സ്വന്തം കഥ കഥാകാരൻതന്നെ പറയുന്ന ആഖ്യാന രീതി വിജയിക്കുന്നതല്ലെന്നുള്ള പരമാർത്ഥം ഗ്രഹിച്ചിട്ടാണ് ബഷീർ ഈ സാഹിത്യകാരനെ ഇതിൽ കൊണ്ടുവന്നിട്ടുള്ളതും.

മാന്യതയോടുള്ള പരമമായ വെല്ലുവിളി, കലാമാഹാത്മ്യം എന്നിവയ്ക്കു പുറമേ, പ്രകൃതകൃതിക്കു മറ്റുചില വൈശിഷ്ട്യങ്ങളും പ്രത്യേകതകളും ഉള്ളതായി കാണാം. ഒന്നാമതായി, ഞാൻ ശ്രീ പൊറ്റെക്കാട്ടിന്റെ 'പൗർണമി' നിരൂപണം ചെയ്ത പ്പോൾ ചൂണ്ടിക്കാണിച്ചിരുന്ന ഒരു പ്രത്യേകത ഇതിലുമുണ്ട്. രോഗാതുരരുടെ പീഡിതജീവിതം അനുഭാവപൂർവം വർണിച്ചിട്ടുള്ളതാണ് ഇത്. 'പൗർണമി'യിലെ 'ആശ്രമത്തിന്റെ നെടുവീർപ്പുകൾ' എന്ന കഥയിൽ കുഷ്ഠരോഗികളുടെ ജീവിതം വർണിച്ചിരിക്കുന്നു. ശബ്ദങ്ങളിലാകട്ടെ, ഗൊണോറിയരോഗി കളുടെ ജീവിതമാണ് പ്രതിപാദിച്ചിട്ടുള്ളത്. പൊറ്റെക്കാട്ടിന്റെ പ്രസ്തുത കഥയിലെ ഒരുതരം ന്യൂനതയായി ഞാൻ ചൂണ്ടിക്കാണിച്ചിരുന്നതും ഇന്നത്തെ ശാസ്ത്രീയ കണ്ടുപിടിത്തങ്ങളെ



ക്കുറിച്ചുള്ള അജ്ഞതയിൽനിന്നു ജനിക്കുന്നതുമായ പരാജയമനസ്ഥിതി ബഷീറിന്റെ കഥയിലും കാണാം.

രണ്ടാമതായി, ആധുനിക ഭാഷാസാഹിത്യത്തിൽ ഇന്നുവരെ ആരും തുറന്നു വർണിച്ചിട്ടില്ലാത്ത സ്വവർഗസംഭോഗം പ്രകൃതകൃതിയിൽ തുറന്നു വർണിച്ചിരിക്കുന്നു. വിശ്വസാഹിത്യ ത്തിൽ പല മഹാസാഹിത്യകാരന്മാരും ഇതിനെ പ്രതിപാദി ച്ചിട്ടുണ്ട്. ഇതിന് ഉദാഹരണങ്ങൾ, പെട്രോണിയസ് എന്ന പ്രാചീന ലത്തീൻ സാഹിത്യകാരനും, ദിദറോ, ബൽസാക്ക്, ഗോതിയേ, ഫ്ലാബർട്ട്, മാപ്പസങ്, ബെലോ, ബൂർഷ, കാതുല്ലേ മെന്ദസ്, ലമാർതീൻ, വെർലെയിൻ, പിയർലൂയിസ് എന്നീ ഫ്രഞ്ചുസാഹിത്യകാരരും, ഏക്കൂദ് എന്ന ബൽജിയൻ സാഹിത്യകാരനും, നോബൽസമ്മാനം നേടിയ തോമസ്മാൻ എന്ന ജർമ്മൻ സാഹിത്യകാരനും സ്വിൻബേൺ, ഡി. എച്ച്. ലാറൻസ്, എച്ച്. ഇ. ബേറ്റ്സ് എന്നീ ഇംഗ്ലീഷ് സാഹിത്യകാര ന്മാരുമാണ്. ശ്രീ പൊൻകുന്നം വർക്കി 'നിവേദന'ത്തിലെ 'പാളങ്കോടൻ' എന്ന കഥയിലും ശ്രീ ചങ്ങമ്പുഴ തന്റെ പ്രസിദ്ധീ കരിക്കാത്ത ഒരു കവിതയായ 'ആശ്രമമൃഗം' എന്നതിലും ഇതിനെ ധ്വനിപ്പിക്കുകമാത്രം ചെയ്തിരുന്നു. 'ശബ്ദങ്ങളി'ലെ സ്വവർഗഭോഗ പ്രതിപാദനം മാന്യരും സന്ന്യാസിമാരുമായ നമ്മുടെ സഹൃദയർക്കു ചുഴലിരോഗം പിടിപ്പിക്കുമെന്ന് പാഴൂർ പോകാതെ പ്രവചിക്കുവാൻ കഴിയും. ഒരു പുതിയ ജീവിത ത്തിന്റെ സൃഷ്ടിക്കു പ്രാരംഭമായി വേണ്ട സർവ്വേയിൽ ഇന്നത്തെ ജീവിതത്തിന്റെ സകല വശങ്ങളും ഒന്നൊഴിയാതെ ചിത്രീകരിക്കേണ്ടതാണെന്നുള്ള പരാജയപ്രസ്ഥാന ആദർശം പുരസ്കരിച്ച് ഈ വിഷയത്തിന്റെ പ്രതിപാദനം സമ്പൂർണമായി ന്യായീകരിക്കാവുന്നതാണ്.

മൂന്നാമതായി, സംഗീതാത്മകത്വം നിമിത്തം ഇംഗ്ലീഷ് കവിതാലോകത്തിലെ ചങ്ങമ്പുഴ എന്നു വിളിക്കാവുന്ന മഹാകവി സ്വിൻബേൺ സ്ത്രീകൾ തമ്മിലുള്ള സ്വവർഗ പ്രണയം വർണിക്കുന്നു. 'അനക്ടോറിയ' എന്ന കവിത രചിച്ച തിനെപ്പറ്റി ആർണോൾഡ് ബെന്നറ്റ് എന്ന നിരൂപകൻ ഇങ്ങനെ

പറഞ്ഞിരുന്നു: 'പരമമായ പ്രതിഭയുള്ള ഒരു സാഹിത്യകാരനും തന്റെ ജന്മദേശത്തോടു കാട്ടിക്കൂട്ടാവുന്ന, പ്രായേണ അനന്യസദൃശമായ ഒരു നേരമ്പോക്ക് സ്വിൻബേൺ നടത്തിയിരുന്നു. പ്രതിപാദിക്കുവാൻ നിവൃത്തിയില്ലാത്ത 'അനക്ടോറിയ' എന്ന മനോഹരമായ കവിത രചിച്ചു തന്റെ നാട്ടിലെ സാഹിത്യത്തിൽ അതിന് ഒരു പരമോച്ചസ്ഥാനം കൊടുത്തതാണ് ഈ നേരമ്പോക്ക്.' ഇതുപോലെയുള്ള നേരമ്പോക്കുകൾ ഭാഷാസാഹിത്യകാരരിൽ തകഴിയും, ബഷീറും പ്രവർത്തിച്ചിട്ടുണ്ട്. ഭാഷാസാഹിത്യത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള യഥാർത്ഥ സാമുദായികനോവലുകളിൽവെച്ച് ഉത്തമമായ 'തോട്ടിയുടെ മകനി'ൽ മാന്യമല്ലാത്ത തോട്ടിവേല മുഖ്യമായി പ്രതിപാദിച്ചിരിക്കുന്നതുകൊണ്ട് തകഴിയും, ഭാഷാസാഹിത്യത്തിലെ ഒരു ഉത്തമ ചെറുകഥയായ 'ശബ്ദങ്ങളി'ൽ അസഭ്യമായ സ്വവർഗഭോഗം വ്യക്തമായി വർണിച്ചിട്ടുള്ളതു നിമിത്തം ബഷീറും ഇപ്രകാരമുള്ള നേരമ്പോക്കുകൾ പ്രവർത്തിച്ചിരിക്കുന്നു.

നാലാമതായി, വിശ്വസാഹിത്യത്തിലെ അവിസ്മരണീയങ്ങളും അത്യുജ്ജ്വലങ്ങളും ലോകോത്തരമായ അതിവൈചിത്ര്യമുള്ളവയുമായ രംഗങ്ങളിൽ ഒന്ന് ബഷീർ പ്രകൃതകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നു. ഇതിലെ 'അമ്മയും മകനും' 'ഭാവിയിലെ ഒരു പൗരൻ' എന്ന തലക്കെട്ടുകളോടുകൂടിയ 9-ഉം 10-ഉം അദ്ധ്യായങ്ങളിൽ ചിത്രീകരിച്ചിട്ടുള്ള വഴിയമ്പല രംഗമാണിത്. ഇതിനെ സ്വപ്നത്തിൽ കണ്ട ഒരു രംഗംപോലെയാക്കുവാൻ ബഷീറിനെ പ്രേരിപ്പിച്ച കലാവാസനയെയും പ്രതിഭയെയും എത്രയധികം പ്രശംസിച്ചാലും അത് അധികമായിപ്പോകുന്നതല്ല. ഒരു ആസ്പത്രിയിൽ വെടിയേറ്റു കിടക്കുന്ന ഒരു പട്ടാളക്കാരന്റെ അടുക്കൽ പട്ടാപ്പകൽ മറ്റുള്ളവർ അയാളുടെ ഭാര്യയെ സംഭോഗത്തിനായി കർട്ടനിട്ടു കട്ടിലിനകത്തു കൂട്ടിവിട്ടിട്ട്, അതു കഴിയുന്നതുവരെ അവളുടെ കുട്ടിയെ എടുത്തുകൊണ്ടു നില്ക്കുന്ന രംഗം, ലക്ഷോപലക്ഷം പ്രതികൾ നാനാഭാഷകളിൽ വിറ്റഴിഞ്ഞ സുപ്രസിദ്ധ ജർമ്മൻ നോവലായ റെമാർക്കിന്റെ



'ആൾ ക്വയറ്റ് ഓൺ ദി വെസ്റ്റേൺ ഫ്രണ്ട്', എന്നതിൽ ചിത്രീകരിച്ചിട്ടുണ്ട്. സോളയുടെ 'നാനാ'യിലും ചങ്ങമ്പുഴയുടെ 'കളിത്തോഴി'യിലും സംഭോഗരംഗചിത്രീകരണം കാണാം. ബഷീറിന്റെ പ്രസ്തുത വഴിയമ്പലരംഗത്തിലും ഒരു മാന്യനും പിച്ചക്കാരിയും തമ്മിലുള്ള സംഭോഗത്തിന്റെ പ്രാരംഭത്തെപ്പറ്റി ഒരു വർണനയുണ്ട്. പക്ഷേ, ഇതല്ല ഈ രംഗത്തെ അവിസ്മരണീയവും ഉജ്ജ്വലവും വിചിത്രവുമാക്കിച്ചമച്ചിട്ടുള്ളത്. ഈ രംഗത്തിൽ നടക്കുന്ന സകല സംഗതികളും ഒന്നിച്ചുകൂടിയാണു പ്രസ്തുത ബോധം ഇതു ജനിപ്പിക്കുന്നത്. വിശാലമായ അമാന്യ ലോകജീവിതം കലാവാസനാപൂർവ്വം ഫോർഷാർട്ടനിങ് ചെയ്ത് ബഷീർ ഇതിൽ ചിത്രീകരിച്ചിരിക്കുന്നു.

ഇവയ്ക്കു പുറമേ, പ്രകൃതകൃതിയിൽ മഹായുദ്ധങ്ങളുടെ നിരർത്ഥകത്വം, യുദ്ധക്കളങ്ങളിലെ ഭീകരത്വം, ആഭ്യന്തര വർഗീയയുദ്ധങ്ങളുടെ മൃഗീയത്വം, മാന്യമെന്നു പറഞ്ഞുവരുന്ന ജീവിതങ്ങളിലെ മാന്യതയില്ലായ്മയും സുഖമില്ലായ്മയും, മാന്യരല്ലെന്നു പറഞ്ഞവരുടെ ജീവിതത്തിലെ യഥാർത്ഥ മാന്യതയും സുഖവും, ജനിക്കുന്ന മതത്തിൽത്തന്നെ മനുഷ്യൻ വളർന്നുവരണമെന്നുള്ള വയ്പിന്റെ യുക്തിരാഹിത്യം, വേശ്യാവൃത്തി, പാതിവ്രത്യം മുതലായ പല പ്രശ്നങ്ങളും ബഷീർ ഭംഗിയായി ധ്വനിപ്പിച്ചിരിക്കുന്നു.

**എ. ബാലകൃഷ്ണപിള്ള**

ശബ്ദങ്ങൾ—ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. Voices/The Walls. ഹിന്ദിയിലും. ആവാസേം ഔർ ദിവാരേം.

## അദ്ധ്യായങ്ങൾ


അർദ്ധരാത്രിയിലെ് സന്ദർശകൻ ..................................... 17

നാലുംകൂടിയ വഴിയിൽ..................................................... 23

ഭൂമിയുടെ ചോര ..................................................................... 26

പ്രേമഭാജനം............................................................................. 29

കാമുകൻ .................................................................................... 34

പ്രേമത്തിന്റെ രൂപം ................................................................ 40

മണമുള്ള കൈലേസ് ............................................................... 42

ആൺവേശ്യ ............................................................................... 50

അമ്മയും മകനും ...................................................................... 56

ഭാവിയിലെ ഒരു പൗരൻ .......................................................... 65

അപാരതയുടെ അതിരിൽ ..................................................... 70

റയിലുകൾ മുഴങ്ങുന്നു! .......................................................... 75